LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനുപുറമേ എഎ.വൈ., മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. ഇപ്രകാരം മുൻഗണനാപട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു.

(സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകളാണ് ഇപ്പോൾ പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി 219564 അപേക്ഷകളാണ് പരിഗണനയിലുളളത്.

അനർഹർക്ക് മുൻഗണനാ കാർഡുകൾ

271 (1637) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനർഹരായ നിരവധിപേർക്ക് മുൻഗണനാ റേഷൻ കാർഡുകൾ ലഭ്യമായ സാഹചര്യത്തിൽ ആയത് തിരികെ വാങ്ങുന്നതിനായി നടത്തിയ കാമ്പയിനിൽ എത്ര റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

123554 റേഷൻ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്.

ഇനം	എണ്ണം
എ.എ.വൈ.	10018
പി.എച്ച്.എച്ച്.	64761
എൻ.പി.എസ്.	48775
ആകെ	123554

(ബി) അനർഹർ എന്ന് കണ്ടെത്തിയ റേഷൻ കാർഡ് ഉടമകളിൽ എത്ര ശതമാനം ആളുകളാണ് കാർഡുകൾ തിരികെ ഏൽപ്പിക്കാൻ തയ്യാറായിട്ടുള്ളതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനർഹമായ മുൻഗണനാ റേഷൻകാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയതിനെത്തുടർന്ന് ആകെയുള്ള മുൻഗണനാ കാർഡുകളിൽ 1.96 ശതമാനം പേർ സ്വയം ഒഴിവായിട്ടുണ്ട്.

(സി) സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ മറ്റുള്ളവർ അനർഹമായി കൈപ്പറ്റുന്ന സാഹചര്യം ഒഴിവാക്കി അർഹതപ്പെട്ട എല്ലാവർക്കും ഭക്ഷ്യധാന്യങ്ങൾ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

&

(ഡി) അനർഹരായ മുഴുവൻ ആളുകളിൽനിന്നും മുൻഗണന റേഷൻ കാർഡുകൾ തിരികെ വാങ്ങി പൊതുവിതരണ സംവിധാനം ശുദ്ധീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും സാമൂഹികവും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 15480040 അംഗങ്ങളിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./ പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. ഇപ്രകാരം മുൻഗണനാ പട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ

പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്.

ബി.പി.എൽ. പട്ടികയിലെ അനർഹർ

272 (1638) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ബി.പി.എൽ. കാർഡുടമകളുടെ പേരും വിലാസവും പ്രദർശിപ്പിക്കാനുള്ള നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതിന്റെ ഭാഗമായി പൊതുവിതരണ സമ്പ്രദായത്തിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്ക് പകരം മുൻഗണന/മുൻഗണനേതര പട്ടികകളാണ് നിലവിലുള്ളത്. റേഷൻ കടകളിൽ മുൻഗണനാ കാർഡുടമകളുടെ പേരും വിലാസവും പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം എല്ലാ താലൂക്കുകളിലും നൽകിയിട്ടുണ്ട്.

(ബി) ബി.പി.എൽ. പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കുവാൻ സ്വീകരിച്ചിരിക്കുന്ന മാർഗങ്ങളെന്തെല്ലാം; വിശദമാക്കുമോ ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്ന് മാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly